103 (570) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ മാസത്തോടുകൂടി പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിലെ കുഴികളെല്ലാം അടയ്ക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) അറ്റകുറ്റപ്പണികൾക്കായി 1999 ഡിസംബർ 31 വരെ ഈ സാമ്പത്തികവർഷത്തിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഡിവിഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഇ) കേരളത്തിലെ പ്രധാന റോഡുകളിൽ പലതും ഇപ്പോഴും പൂർണ്ണമായി സഞ്ചാരയോഗ്യമല്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) 1999 ഡിസംബർ 31-ന് മുമ്പ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിലെ കുഴികൾ അടയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നു എന്നാൽ ടാറിന്റെ ക്ഷാമം, സർക്കാരിന്റെ നിയന്ത്രണാതീതമായ ചില കാരണങ്ങൾ എന്നിവമൂലം ഇക്കാര്യത്തിൽ 100% ലക്ഷ്യം കൈവരിക്കാനായില്ലെങ്കിലും പ്രധാനപ്പെട്ട എല്ലാ റോഡുകളിലെയും കുണ്ടും കുഴിയും ഇതിനകം അടച്ചു ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(സി) 66,51,89,736 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി)

തിരുവനന്തപുരം	-	11,06,93,736 രൂപ
കൊല്ലം	-	1,42,09,000 രൂപ
ആലപ്പുഴ	-	2,10,67,000 രൂപ
പത്തനംതിട്ട	-	2,83,00,000 രൂപ
കോട്ടയം	-	4,00,00,000 രൂപ
എറണാകുളം	-	2,63,04,000 രൂപ
തൃശ്ശൂർ	-	5,19,97,000 രൂപ
മൂവാറ്റുപുഴ	-	5,37,71,000 രൂപ
ഇടുക്കി	-	2,70, 91,000 രൂപ
കാസർഗോഡ്	-	2,70,00,000 രൂപ
കണ്ണൂർ	-	7,67,15,000 രൂപ
കോഴിക്കോട്	-	9,17,28,000 രൂപ
വയനാട്	-	86,45,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരി	-	2,01,76,000 രൂപ
പാലക്കാട്	-	2,61,00,000 രൂപ
പാലാരിവട്ടം	-	1,23,84,000 രൂപ
എ.ഡി.ബി. ഡിവിഷൻ	-	1,04,000 രൂപ
എ.ഡി.ബി. ഡിവിഷൻ II	-	3,33,000 രൂപ
കൊടുങ്ങല്ലൂർ	-	2,85,72,000 രൂപ
ആകെ	-	**66,51,89,736 രൂപ**

(ഇ&എഫ്) ചില റോഡുകൾക്ക് തകരാറു സംഭവിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ സംസ്ഥാനത്തെ ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാണ്. തകരാറു സംഭവിച്ച റോഡുകളിലെ കുണ്ടും കുഴിയുമെല്ലാം അടച്ച് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും അതനുസരിച്ച് പരമാവധി റോഡുകളുടെ അറ്റകുറ്റപ്പണികൾ ഇതിനകം ചെയ്തു തീർക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യത്തിന് ടാറ് ലഭ്യമല്ലാത്തതുകൊണ്ട് ചുരുക്കം ചില ജോലികൾ ചെയ്തു തീർക്കാനുണ്ട്.

104 (571) ഹൗസിംഗ് ബോർഡ് വാങ്ങിയ സിമന്റ് ഇടപാടുകളിൽ ക്രമക്കേട്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 സെപ്തംബറിനു ശേഷം ഹൗസിംഗ് ബോർഡ് നടത്തിയ സിമന്റ് ഇടപാടുകളിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ബോർഡോ സർക്കാരോ ഏതെങ്കിലും രീതിയിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സിമന്റ് ഇടപാടുകൾവഴി ബോർഡിന് ലക്ഷങ്ങളുടെ നഷ്ടം വരുത്തിവച്ചതായി ബോർഡ് സബ്കമ്മിറ്റി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) 1997 സെപ്തംബർ മുതൽ 1998 ജനുവരി വരെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സിമന്റ് വാങ്ങിയതു സംബന്ധിച്ച് ഹൗസിംഗ് ബോർഡിന്റെ സബ് കമ്മിറ്റി അന്വേഷണം നടത്തുകയും ഈ കാലയളവിൽ ഹൗസിംഗ് ബോർഡ് സിമന്റ് വാങ്ങിയതിൽ 1.93 ലക്ഷം രൂപ അധികം ചെലവാക്കിയതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ അധിക ചെലവിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരിൽ നിന്ന് ടി തുക തിരിച്ചു പിടിക്കുന്നതിന് നടപടി എടുക്കുവാൻ ബോർഡ്, ഹൗസിംഗ് ബോർഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly